ഏഴ് അവയവങ്ങളിൽ സുജൂദ് ചെയ്യാൻ ഞാൻ
കൽപ്പിക്കപ്പെട്ടിരിക്കുന്നു
ُه عَنْهُ َما- ്ബാസ്അബ ുന്ഇബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "ഏഴ് അവയവങ്ങളിൽ സുജൂദ്
ചെയ്യാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു. നെറ്റി - അത് പറയുമ്പോൾ അവിടുന്ന്
മൂക്കിലേക്ക് തൻ്റെ കൈ കൊണ്ട് ചൂണ്ടി -, രണ്ട് കൈകൾ, രണ്ട് കാൽമുട്ടുകൾ, രണ്ട്
കാൽപാദങ്ങളുടെ അറ്റങ്ങൾ. മുടിയും വസ്ത്രവും നിസ്കാരത്തിൽ നാം മടക്കി വെക്കരുത്
എന്നും (കൽപ്പിക്കപ്പെട്ടിരിക്കുന്നു).
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
നിസ്കാരത്തിൽ സുജൂദ് ചെയ്യുമ്പോൾ ശരീരത്തിലെ ഏഴു അവയവങ്ങളിൽ അത് നിർവ്വഹിക്കാൻ നബി -
صلى الله عليه وسلم- യോട് അല്ലാഹു കൽപ്പിച്ചിരിക്കുന്നു എന്ന് അവിടുന്ന് ഈ ഹദീഥുകളിൽ
അറിയിച്ചിരിക്കുന്നു. ഒന്ന്: നെറ്റി. മൂക്കിനും രണ്ട് കണ്ണുകൾക്കും മേലുള്ള, മുഖത്തിലെ
പരന്ന ഭാഗമാണത്. നബി -صلى الله عليه وسلم- നെറ്റിയെ കുറിച്ച് പറയുമ്പോൾ തൻ്റെ മൂക്കിലേക്ക് വിരൽ
ചൂണ്ടിയിട്ടുണ്ട്. നെറ്റിയും മൂക്കും സുജൂദ് ചെയ്യേണ്ട ഏഴ് അവയവങ്ങളിൽ ഒന്നായി
ഒരുമിച്ചു പരിഗണിക്കപ്പെടണം എന്നതിലേക്കുള്ള സൂചനയാണത്. സുജൂദ് ചെയ്യുന്ന
വ്യക്തിയുടെ മൂക്ക് ഭൂമിയിൽ തട്ടണം എന്ന ഓർമ്മപ്പെടുത്തൽ അതിലുണ്ട്. രണ്ടാമത്തെയും
മൂന്നാമത്തെയും അവയവം: രണ്ട് കൈകളാണ്. നാലാമത്തെയും അഞ്ചാമത്തെയും അവയവം: രണ്ട്
കാൽമുട്ടുകളാണ്. ആറാമത്തെയും ഏഴാമത്തെയും അവയവം: രണ്ട് കാൽപ്പാദങ്ങളിലെയും
വിരലുകളാണ്. ഇതോടൊപ്പം മുടികൾ കെട്ടിവെക്കരുതെന്നും, സുജൂദ് ചെയ്യുമ്പോൾ
വസ്ത്രങ്ങൾ -അവയെ സംരക്ഷിക്കുന്നതിന് വേണ്ടി- കൂട്ടിപ്പിടിക്കരുതെന്നും നബി -صلى الله عليه وسلم-ഓർമ്മപ്പെടുത്തുന്നു. മറിച്ച്, ഇവയെല്ലാം ഭൂമിയിൽ പതിക്കുകയും, മനുഷ്യൻ്റെ
അവയവങ്ങളോടൊപ്പം സുജൂദിൽ പങ്കുചേരുകയും ചെയ്യുകയാണ് വേണ്ടത്.
https://sunnah.global/hadeeth/ml/show/10925